## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 925 — 11.03.2015 -ലെ മറുപടിക്ക്.

## കേരള കൺസ്ട്രക്ഷൻ അക്കാഡമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂരിൽ ആരംഭിക്കുവാൻ നടപടി തുടങ്ങിയ കേരളാ കൺസ്ട്രക്ഷൻ അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; | (എ) കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലം കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനു വേണ്ടി 23/02/2011 ൽ വിലയ്ക്ക് വാങ്ങുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് 01/03/2011 ൽ തറക്കല്ലിടുകയുണ്ടായി. വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കവേ, ടി വസ്തുവിന്റെ ഒരു ഭാഗത്ത് സ്പിന്നിംഗ് മില്ലിന്റെ ഇലക്ട്രിക്കൽ സംവിധാനങ്ങൾ ഉൾപ്പെടുന്നതിനാൽ ടി സ്ഥലം തിരികെ ലഭിച്ചില്ലെങ്കിൽ ആയത് സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുവാനും ആയതിനാൽ പ്രസ്തുത ഇലക്ട്രിക് സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു സ്പിന്നിംഗ് മില്ലിന് തിരികെ നല്കണമെന്നും ഇതിന് പകരമായി അനുയോജ്യമായ വസ്തു നല്കാമെന്നും മിൽ അധികൃതർ അറിയിച്ചതിനെ തുടർന്ന് ആയതിന് നടപടി എടുത്തു വരുന്നു. അതോടൊപ്പം ടി വസ്തുവിന് പി.ഡബ്ല്യൂ.ഡി മുഖേന ഡെപ്പോസിറ്റ് വർക്കായി ചുറ്റുമതിൽ കെട്ടുന്നതിന് ഭരണാനുമതിയ്ക്കായി നടപടി തുടർന്ന് വരികയുമാണ്. |
| (ബി) നിർമ്മാണത്തിന് പ്രാരംഭനടപടികൾ ആരംഭിച്ച് നാല് വർഷം പിന്നിട്ടിട്ടും ഈ സ്ഥാപനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ്; | (ബി) കൺസ്ട്രക്ഷൻ അക്കാദമിക്കു വേണ്ടി വിലയ്ക്ക് വാങ്ങിയ വസ്തുവിന് പിഡബ്ല്യൂഡി മുഖേന ചുറ്റുമതിൽ കെട്ടുന്നതിന് നടപടി തുടർന്ന് വരുന്നു. |
| (സി) തുടക്കത്തിൽ വിഭാവനം ചെയ്തതിന് വ്യത്യസ്തമായി ഏതെങ്കിലും സ്ഥാപനങ്ങൾ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ ; | (സി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് ചാത്തന്നൂരിൽ വിലയ്ക്ക് വാങ്ങിയ 10 ഏക്കർ സ്ഥലത്ത് ബോർഡിന്റെ കീഴിൽ |

നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ അക്കാദമി എന്ന ആശയത്തേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ധ പരിശീലനവും നൽകത്തക്ക വിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യ കേന്ദ്രം ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

| | |
|---|---|
| (ഡി)സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുന്നതിനുള്ള പൊതുജനരോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രയും പെട്ടെന്ന് പ്രസ്തുത സ്ഥാപനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥലത്ത് സാങ്കേതിക നിപുണതയും, വിദഗ്ധ പരിശീലനവും നൽകത്തക്ക വിധത്തിലുള്ള തൊഴിൽ വൈദഗ്ധ്യ കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ